ശമീർ മദീനി

## അഞ്ച് (c)

# ദഅ്വത്തിനുവേണ്ടി കൂട്ടായ്മ...?

ദഅ്വത്തിനായി വിശ്വാസികളുടെ ഒരുസംഘം ഉണ്ടാകുവാനാണ് ഖുർആൻ ആഹ്വാനം ചെയ്യുന്നത്. അല്ലാതെ സംഘത്തെ എതിർക്കുകയോ ഒറ്റക്കൊറ്റക്ക് പ്രവർത്തിച്ചാൽ മതി എന്നോ അല്ല.

وَلْتَكُن مِّنكُمْ أُمَّةٌ يَدْعُونَ إِلَى ٱلْخَيْرِ وَيَأْمُرُونَ بِٱلْمَعْرُوفِ
وَيَنْهَوْنَ عَنِ ٱلْمُنكَرِ ۚ وَأُو۟لَـٰٓئِكَ هُمُ ٱلْمُفْلِحُونَ

"നന്മയിലേക്ക് ക്ഷണിക്കുകയും, സദാചാരം കല്പിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ" (3:104).

ഈ ആയത്തിന്റെ വിശദീകരണത്തിൽ ഇമാം ഇബ്നു കഥീർ പറയുന്നു:

"ഓരോരുത്തരുടെയും കഴിവനുസരിച്ച് എല്ലാവർക്കും അത് (ദഅ്വത്ത്) ബാധ്യതയാണ്. എങ്കിൽകൂടി ഈ സമൂഹത്തിൽനിന്ന് ഒരു വിഭാഗം ഈ ഉത്തരവാദിത്ത നിർവഹണത്തിനുണ്ടായിരിക്കേണ്ടതുണ്ട്. (സ്വഹീഹു മുസ്ലിമിൽ സ്ഥിരപ്പെട്ടപോലെ) അബൂഹുറയ്റ (ﷺ)വിൽനിന്ന് നിവേദനം. നബി(ﷺ) പറഞ്ഞു: "നിങ്ങളിലാരെങ്കിലും ഒരു തിന്മ കണ്ടാൽ അത് തന്റെ കൈകൊണ്ട് തടുക്കട്ടെ. കഴിയില്ലെങ്കിൽ തന്റെ നാവുകൊണ്ട്. അതിനും സാധ്യമല്ലായെങ്കിൽ തന്റെ ഹൃദയംകൊണ്ടെങ്കിലും. അതാകട്ടെ ഈമാനിന്റെ ഏറ്റവും ദുർബലാവസ്ഥയാണ്". മറ്റൊരു റിപ്പോർട്ടിൽ 'അതിനപ്പുറം ഒരു കടുകുമണിയോളമെങ്കിലും ഈമാൻ അവിശേഷിക്കുന്നില്ല' എന്നാണുള്ളത്" (തഫ്സീർ ഇബ്നു കഥീർ. വാ:1, പേ: 508).

പുണ്യത്തിലും 'തഖ്വ'യിലും പരസ്പരം സഹകരിക്കാൻ വിശ്വാസികളോട് ഖുർആൻ നിർദേശിക്കുന്നു:

وَتَعَاوَنُوا۟ عَلَى ٱلْبِرِّ وَٱلتَّقْوَىٰ ۖ وَلَا تَعَاوَنُوا۟ عَلَى ٱلْإِثْمِ
وَٱلْعُدْوَٰنِ

"പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്" (5:2).

മുആദ്ബ്ൻജബലി(ﷺ)നെയും അബൂമൂസൽ അശ്അരി(ﷺ)യെയും ദഅ്‌വത്തിനായി യമനിലേക്ക് പറഞ്ഞയച്ച നബി(ﷺ) അവരോട് പറയുകയുണ്ടായി:

تطاوعا ولا تختلفا (البخاري ، مسلم)

"നിങ്ങൾ പരസ്പരം സഹകരിക്കുക. ഭിന്നിക്കരുത്" (ബുഖാരി, മുസ്‌ലിം).

യാത്രയിൽ മൂന്നാളുണ്ടായാൽ ഒരാളെ നേതൃത്വം ഏല്പിക്കണമെന്ന് ശാസിക്കുന്ന ഹദീഥിനെ വിശദീകരിച്ചുകൊണ്ട് ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ പറഞ്ഞു:

فأوجب صلى الله عليه وسلم تأمير الواحد في الاجتماع القليل العارض في السفر, تنبيها بذلك على سائر أنواع الاجتماع. ولأن الله تعالى أوجب الأمر بالمعروف والنهي عن المنكر, ولا يتم ذلك إلا بقوة وإمارة. (مجموع فتاوى شيخ الإسلام أحمد بن تيمية ج : ٢٨, ص : ٣٩٠)

"യാത്രയിലുള്ള ചെറുകൂട്ടായ്മയിൽതന്നെ നേതൃത്വം വഹിക്കാനാളുണ്ടാവണമെന്ന് നബി(ﷺ) കല്പിച്ചു. മറ്റു കൂട്ടായ്മകളിലും ഇത് അനിവാര്യമാണ്. നന്മ കല്പിക്കലും തിന്മ വിരോധിക്കലും അല്ലാഹു നിർബന്ധമാക്കി. ശക്തിയും നേതൃത്വവുമില്ലാതെ അത് പരിപൂർണമാവുകയില്ല" (മജ്മൂഅ് ഫതാവ. വാ: 28, പേ: 390).

**പണ്ഡിതന്മാർ പറയുന്നു:**

ശൈഖ് അൽബാനിയോടുള്ള ചോദ്യവും മറുപടിയും കാണുക.

س:هل يجب وجوبا عينيا على كل شاب سلفي أن يدعو إلى دعوته السلفية ضمن الجماعة السلفية أم يجوز له أن يدعو منفردا دون الارتباط بالجماعة السلفية؟

ചോദ്യം: ഓരോ സലഫി യുവാവിനും തന്റെ സലഫി ആദർശത്തിലേക്ക് ക്ഷണിക്കുന്നത് സംഘടനയിലൂടെ തന്നെയാകൽ അനിവാര്യമാണോ? അതല്ല സലഫി സംഘടനയുമായി യാതൊരു ബന്ധവുമില്ലാതെ ഒറ്റക്ക് ദഅ്‌വത്ത് ചെയ്യൽ അനുവദനീയമാകുമോ?

ج: ربنا يقول: " وكونوا مع الصادقين". والرسول صلى الله عليه وسلم يقول: "يد الله مع الجماعة". ويقول: " عليكم بالجماعة فإنما يأكل الذئب من الغنم القاصية". فنحن نعرف بالتجربة وبالتفقه في النصوص الشرعية أن كل من يزعم بأنه سلفي العقيدة وأنه لا يريد

أن ينتمي إلى جماعة وإنما يدعو لوحده كما جاء في السؤال, نحــن نعلم بالتجربة أن عاقبة هذا الإنسان هو الانفراد عن الدعوة ذلك لأن الله إذا كان قد ذكر في القرآن مكلما موسى عليه السلام قـــال له : " نشد عضدك بأخيك". وهو كليم الله واصطفاه لرسالته فماذا يقــول الفرد المسلم؟ أليس هو بحاجة لأن يشد عضده بأخيه؟ لا شـــك أن الجواب نعم.ولهذا فلا بــد لذلك الشـــاب الســـلفي من أن يضم إلى الجماعة التي في بلده ما دامت دعوته هو دعوته لأن في ذلك قوة له ولهم كما تشير الآيات السابقة أما إذا أصر على البقــاء بــعيدا عن الجماعة فلا شك أن الذئاب ستأكله كما دل الحديث السابق عليه, أي ستتبناه الجماعات الأخرى وسيجلبونه إليهم, وبذلك ينحــرف عن ا لخط وهو قد لا يشعر أحيانا, وختاما أقول إن الله يقول:" وكونوا مع الصادقين". فالذي يريد أن يعيش وحده في دعوته المزعومة هو بلا شك في خسران المبين. ( الحاوي من فتاوى الشـــيخ البـــاني : ج٢ ,ص: ١٩١)

മറുപടി: അല്ലാഹു പറയുന്നു: "നിങ്ങൾ സത്യം പറയുന്നവരോടൊപ്പമാവുക". നബി(ﷺ) പറയുന്നു: "അല്ലാഹുവിന്റെ സഹായം സംഘത്തോടൊപ്പമാണ്. "നിങ്ങൾ സംഘടിതമായി നിലകൊള്ളുക. ആടുകളിൽനിന്ന് ഒറ്റപ്പെട്ടവയെയാണ് ചെന്നായ തിന്നുക".

മതപരമായ തെളിവുകളിലെ പരിജ്ഞാനത്തിലൂടെയും അനുഭവത്തിലൂടെയും നമ്മൾ പരിചയിച്ചറിഞ്ഞിട്ടുള്ളത്. ചോദ്യത്തിൽ വന്നതുപോലെ സലഫി ആദർശക്കാരനാണെന്ന് പറയുകയും സംഘടനയിൽ ചേരാൻ ആഗ്രഹിക്കുന്നില്ലെന്നും തനിച്ചാണ് ദഅ്വത്ത് നടത്തുന്നതെന്നും പറയുന്നവരുടെയൊക്കെ അന്ത്യം ദഅ്വത്തിൽനിന്ന് തന്നെ ഒറ്റപ്പെട്ടുപോകലാണ്. ഇത് നാം അനുഭവത്തിലൂടെ അറിഞ്ഞതാണ്. കാരണം അല്ലാഹു തന്റെ പ്രവാചകനായ മൂസാനബി (عليه السلام) യോട് "നിന്റെ സഹോദരനെക്കൊണ്ട് നിനക്ക് നാം ശക്തിപകരുന്നതാണ്" എന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ കേവലം ഒരു വ്യക്തിമാത്രമായ മുസ്ലിം എന്താണ് പറയുക? അവന് ആരുടെയും പിൻബലവും സഹായവും ആവശ്യമില്ലേ? നിസ്സംശയം, 'സഹായം ആവശ്യമുണ്ട്' എന്ന്തന്നെയായിരിക്കും മറുപടി.

അതിനാൽ ആ സലഫി യുവാവിന് തന്റെ നാട്ടിലുള്ള സലഫി സംഘടനയിൽ ചേർന്ന് പ്രവർത്തിക്കലാണ് കരണീയമായിട്ടുള്ളത്. വിശിഷ്യാ തന്റെയും അവരുടെയും ദഅ്വത്ത് ഒന്നാകുന്നിടത്തോളം. കാരണം മുമ്പ് പറഞ്ഞ ആയത്തുകൾ സൂചിപ്പിക്കുന്നപോലെ അതി

ൽ അവനും അവർക്കും ശക്തി പകരലുണ്ട്. എന്നാൽ സംഘടനയിൽ നിന്ന് അകന്ന്തന്നെ നിൽക്കാൻ തീരുമാനിച്ചുറച്ചാൽ സംശയമില്ല 'ചെന്നായ്ക്കൾ' അവനെ പിടിച്ച് തിന്നും. നടേ സൂചിപ്പിച്ച ഹദീസിലുള്ളതുപോലെ. അതായത് മറ്റ് സംഘടനകൾ അവനെ ഏറ്റെടുക്കുകയും അവരിലേക്ക് വലിച്ച് കൊണ്ടുപോവുകയും ചെയ്യും. അത് മുഖേന നേർരേഖയിൽ നിന്നും അവൻ വ്യതിചലിച്ച് പോകും. ചിലപ്പോഴത് അവൻ അറിയുന്നുപോലുമുണ്ടാവില്ല. അവസാനമായി ഞാനൊന്ന് പറയട്ടെ; അല്ലാഹു പറയുന്നു: "നിങ്ങൾ സത്യം പറയുന്നവരോടൊപ്പം നിൽക്കുക" തന്റെ ജൽപിത ദഅ്‌വത്തിൽ തനിച്ച് കഴിയാൻ ആഗ്രഹിക്കുന്നവർ നിസ്സംശയം വ്യക്തമായ നഷ്ടത്തിൽതന്നെയാണ്.

س: ذكرتم فيما ذكرتم أنه يجب على الداعية السـلفي أن يدعو إلى الله ضمن الجماعة السـلفية, أي أن وجوده ضمن الجماعة واجب, فهل ترون أو تعنون أن يكون لهذه الجماعة أمير مطاع قياسا على حديث الإمارة في السفر؟

ചോദ്യം: നിങ്ങൾ പറഞ്ഞത് പ്രകാരം പ്രബോധകന് സലഫി സംഘടനയിലൂടെതന്നെ ദഅ്‌വത്ത് നടത്തൽ അനിവാര്യമാണ്. അങ്ങനെവരുമ്പോൾ ആ സംഘടനക്ക് (സംഘത്തിന്) യാത്രയിലെ നേതൃത്വത്തെക്കുറിച്ച് പറഞ്ഞ ഹദീസിനോട് തുലനപ്പെടുത്തി അനുസരിക്കപ്പെടുന്ന ഒരു അമീർ (നേതാവ്) ഉണ്ടാകണമെന്ന് താങ്കൾ വിവക്ഷിക്കുന്നുണ്ടോ?

ج:الأمير المطاع المشار إليه لا أرى من وجوده مانعا, شريطة أن لا نربط به الأحكام المرتبطة بالأمير الأعلى الذي هو رئيس الدولة المسلمة, فيكون هذا من باب تدبير الأمور وتنظيمها..... ( الحاوي من فتاوى الشيخ الألباني : ج : ٢,ص: ١٩٣)

മറുപടി: ചോദ്യത്തിൽ സൂചിപ്പിക്കപ്പെട്ടതുപോലെ ഒരു നേതാവ് ഉണ്ടാകുന്നതിന് യാതൊരു തടസ്സവും ഞാൻ കാണുന്നില്ല. പക്ഷെ, ഇസ്‌ലാമിക രാഷ്ട്ര നായകനുള്ള വിധിവിലക്കുകൾ ഇതുമായി ബന്ധിപ്പിക്കരുതെന്ന് മാത്രം. മറിച്ച് കാര്യങ്ങൾ അടുക്കും ചിട്ടയോടെയും ആവുക എന്ന ഇനത്തിലാണ് വരിക.... (അൽഹാവി മിൻഫതാവാ ശൈഖ് അൽബാനി (ശൈഖ് അൽബാനിയുടെ ഫത്‌വാ സമാഹാരം) വാ: 2 പേ: 191-193).

തുടരും...